**പതിനാലാം കേരള നിയമസഭ**
**16-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5421** **18.11.2019-ൽ മറുപടിയ്ക്ക്**

**തീരപ്രദേശങ്ങളുടേയും തീരദേശവാസികളുടേയും വികസനത്തിനായുള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, പി.കെ.അബ്ദു റബ്ബ്<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ലോകബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെ തീരപ്രദേശങ്ങളുടേയും തീരദേശവാസികളുടേയും വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. പ്രസ്തുത പദ്ധതിയിലൂടെ തീരദേശ വാസികളുടെ ഉപജീവന സുരക്ഷ ഉറപ്പു വരുത്തുന്നതിന് ലക്ഷ്യമിടുന്നു.പദ്ധതി തുക 280 കോടി രൂപയാണ്. ഇതിൽ, പരമ്പരാഗത മത്സ്യതൊഴിലാളികളുടെയും, തീരദേശവാസികളുടെയും ഇതര ഉപജീവന മാർഗ്ഗത്തിനായുള്ള പദ്ധതികൾക്കായി 65.40 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ ബേപ്പൂർ-കടലുണ്ടി, കടലുണ്ടി-വള്ളിക്കുന്ന് തീരപ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉൾപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ തൈകടപ്പുറം മുതൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി-വള്ളിക്കുന്ന് വരെയുള്ള 175 കി.മീ തീരപ്രദേശമാണ് പദ്ധതിയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതി പ്രദേശങ്ങൾ ലോകബാങ്ക് പ്രതിനിധി സംഘം സന്ദർശിച്ചിട്ടുണ്ടോ; | (സി) ഇല്ല |

| | | |
|---|---|---|
| (ഡി) | പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ? | (ഡി) ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പദ്ധതി നടത്തിപ്പിനായി തിരുവിതാംകൂർ കൊച്ചിൻ രജിസ്ട്രേഷൻ ആക്റ്റ് 1956 അനുസരിച്ച് സൊസൈറ്റിയായി KCICM (Kerala Centre for Integrated Coastal Management) നെ രജിസ്റ്റർ ചെയ്യുകയും പദ്ധതി നടത്തിപ്പിനായി പ്രോജക്റ്റ് ഡയറക്ടർ, അഡീഷണൽ പ്രോജക്റ്റ് ഡയറക്ടർ എന്നിവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന്റെ Preliminary Project Report (PPR) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും, ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 280 കോടി രൂപ പദ്ധതി തുകയായി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ Detailed Project Report തയ്യാറാക്കൽ പുരോഗമിച്ചു വരുന്നു. ഈ പദ്ധതി 2020-ൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ